**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4796** **01-11-2021 - ൽ മറുപടിയ്ക്ക്**

**പുലിമല കനാൽ പാലം പുനഃനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ തൃക്കാരിയൂർ -അയിരൂർ പാടം-വടക്കും ഭാഗം റോഡിലെ പുലിമല കനാൽ പാലം കാലപ്പഴക്കംമൂലം അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കോതമംഗലം നിയോജക മണ്ഡലത്തിൽ തൃക്കാരിയൂർ അയിരൂർ പാടം വടക്കുംഭാഗം റോഡിൽ പുലിമല കവലയിൽ ഇറിഗേഷൻ കനാലിനു കുറുകെയാണ് പ്രസ്തുത പാലം സ്ഥിതി ചെയ്യുന്നത്. ടി പാലം ഇടുങ്ങിയതും കാലപ്പഴക്കം ചെന്നതുമാണ്. പാലത്തിന്റെ പാരപ്പെറ്റിനും കൈവരിക്കും ചെറിയ തോതിൽ കേട്ടുപാട്ടുകൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ ഫൗണ്ടേഷനിലും ചെറിയ തോതിൽ കേട്ടുപാടുകൾ സംഭവിച്ചിട്ടുണ്ട്. എന്നാൽ പാലത്തിന് ഘടനാപരമായ കേട്ടുപാട്ടുകളൊന്നും സംഭവിച്ചിട്ടില്ല. |
| (ബി) | ഇടുങ്ങിയ പ്രസ്തുത പാലം ഗതാഗത തടസ്സംസൃഷ്ടിക്കുന്നതും കാൽനട യാത്ര ദുസ്സഹവുമാക്കുന്നതുമായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രസ്തുത പാലത്തിന് 5m വീതി മാത്രമാണുള്ളത്. കൂടാതെ കാൽനട യാത്രക്കാർക്ക് വേണ്ടി ഫുട്പാത്തും നിലവിൽ ഇല്ല. ആയതിനാൽ പാലത്തിലൂടെയുള്ള കാൽ നടയാത്ര ബുദ്ധിമുട്ടാണ്: |
| (സി) | വലിയ അപകടസാധ്യതയുള്ള പ്രസ്തുത പാലം അടിയന്തരമായി പുതുക്കി പണിയുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തി നു വേണ്ടി 2021-22-ലെ ബഡ്ജറ്റിൽ 150 ലക്ഷം രൂപ അടങ്കലിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിനു വേണ്ടിയുള്ള മണ്ണ് പരിശോധനയ്ക്കുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇൻവെസ്റ്റിഗേഷനുള്ള ഭരണാനുമതി നൽകിയതിനു ശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിക്കുവാൻ കഴിയും. മേൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് തയ്യാറാക്കി പാലം നിർമ്മാണത്തിനുള്ള ഭരണാനു മതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കു ന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ